ശ്രീ. പി. കെ. കുഞ്ഞച്ചൻ: സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു സബ് കമ്മിറ്റി രൂപീകരിക്കണമെന്ന തീരുമാനിച്ചതിനെപ്പറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: അങ്ങനെ ഒരു നിർദ്ദേശം ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ആർ. വിജയൻ: വ്യവസായ ശാലകളിൽ നിയമനങ്ങൾ നടത്തുന്ന അവസരത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും പേർ വരുത്തിക്കൊണ്ട് നിയമനം നടത്തണമെന്നുള്ള നിയമം കർശനമായി പാലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: സ്വകാര്യ വ്യവസായികൾ നടത്തുന്ന സ്ഥാപനങ്ങളിൽ ഈ നിയമം ശരിയായി പാലിക്കുന്നുണ്ടോ എന്നും സംവരണതത്വം ശരിയായി പാലിക്കുന്നുണ്ടോ എന്നൊന്നും പരിശോധിച്ചിട്ടില്ല. സർക്കാർ ഏറ്റെടുത്തു നടത്തുന്ന സ്ഥാപനങ്ങളിൽ അതിൻറെ ചുമതല ഗവണ്മെൻറുതന്നെ നിർവഹിക്കുന്നുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ഇൻഫ്ളുവൻസ് ചെലുത്തുവാൻ കഴിവുള്ളവർക്ക് ജോലി ലഭിക്കുകയും അല്ലാത്തവർക്ക് പേരു പുതുക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ട ഒരവസ്ഥയാണ് നിലവിലുള്ളതു്. രണ്ടും മൂന്നും കൊല്ലമായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇതേവരെ ജോലി ലഭിക്കാതിരിക്കുകയും രജിസ്റ്റർ ചെയ്ത ഉടനെതന്നെ ജോലി ലഭിക്കുന്ന ചിലരും ഉണ്ട്. ഈ സംപ്രദായം മാറ്റുന്നതിലേക്കു പ്രയാറിട്ടി അനുസരിച്ചു അഡ്വൈസ് ചെയ്യാൻ കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ: കർശനമായ നടപടി ഇപ്പോൾതന്നെ സ്വീകരിച്ചിട്ടുണ്ട്. ചിലപ്പോൾ രണ്ടുമൂന്നും കൊല്ലമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകൾക്ക് ആവശ്യപ്പെട്ട തൊഴിലുനൽകുന്നതിനു് ആവശ്യമായ യോഗ്യത കാണുകയില്ല. ആ യോഗ്യത കുറഞ്ഞകാലത്തു രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കാണുകയും ചെയ്യും. അതിൻറെ അടിസ്ഥാനത്തിൽ ചിലപ്പോൾ ഇങ്ങനെ സംഭവിക്കാറുണ്ട്. മറ്റുള്ള സന്ദർഭത്തിൽ പ്രയാറിട്ടി അനുസരിച്ചാണ് കൊടുക്കുന്നതു്.

ശ്രീ. ടി. കൃഷ്ണൻ: ഗവണ്മെൻറ് വ്യവസായ സ്ഥാപനങ്ങളിൽ ചില സ്ഥലത്തു ഉദ്യോഗസ്ഥന്മാർ ഒരു കമ്മറ്റി സംഘടിപ്പിച്ചു, ആ കമ്മറ്റി ആളുകളെ തെരഞ്ഞെടുക്കുന്നുണ്ട്. എല്ലായിടത്തും ഈ മാതിരി ഉദ്യോഗത്തിനു ആളുകളെ നിയമിക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യുമോ?

ശ്രീ. കെ. ടി. അച്യുതൻ: അതൊരു നിർദ്ദേശമാണ്. പരിശോധിച്ചു വേണ്ട തീരുമാനം എടുക്കാം.

എക്സ് സർവ്വീസ്മെൻ റിസെറ്റിൽമെൻറ് നടപടികൾ †

* 928. [18] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എക്സ്-സർവ്വീസുമെൻ റിസെറ്റിൽമെൻറിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) 1963-64 Financial year-ൽ (1963 ഡിസംബർ അവസാനം വരെ) ഇതിലേക്ക് എത്ര തുക ചെലവഴിച്ചു?

† Put by Shri K. K. Viswanathan.

LIBRARY ARCHIVES Kerala Legislative Assembly

ഏഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) രണ്ടാംലോകമഹായുദ്ധകാലത്തു് സേവനം അനുഷ്ഠിച്ചവരും പ്രതിവർഷം 1000 രൂപയിൽ കുടാത്ത വരുമാനമുള്ളവരുമായ വിമുക്തഭടന്മാർക്കും അവരുടെ കുട്ടികൾക്കും എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും, സ്കൂളുകളും, കാളേജുകളും, പ്രൊഫഷണൽ കാളേജുകളും മുതലായ സ്ഥാപനങ്ങളിൽ പഠിക്കുന്നതിനു് വിദ്യാഭ്യാസ സൗജന്യം നൽകിവരുന്നുണ്ടു്.

2. ഗവണ്മെൻറു സർവ്വീസിലും ഗവണ്മെൻറു സഹായമുള്ള കമ്പനികളിലുമുള്ള നിയമനങ്ങൾക്കു് റിസർവ്വിസ്റ്റുകൾക്കും പെൻഷൻ പറ്റിയവരുമുപ്പെടെയുള്ള വിമുക്തഭടന്മാർക്കും അവരുടെ സൈനികസേവന കാലയളവിനു അനുസ്യൂതമായ കാലമത്രയും വയഃക്രിപ്പനിർണ്ണയത്തിനു പരിഗണിക്കുന്നുണ്ടു്.

3. വിമുക്തഭടന്മാർക്കു് ഇൻഡസ്ട്രിയൽ ട്രെയിനിംഗു് ഇൻസ്റ്റിട്യൂട്ടിൽ ഓരോന്നിലും അഞ്ചു ശതമാനം സീറ്റുകൾവീതം നീക്കിവച്ചിട്ടുണ്ടു്.

4. വിമുക്തഭടന്മാരുടെ സിവിൽപെൻഷൻ കണക്കാക്കുന്നതിനു് ചില വ്യവസ്ഥകൾക്കു വിധേയമായി അവരുടെ 1939 സെപ്റ്റംബർ മുന്നിനും 1946 ഏപ്രിൽ ഒന്നിനും ഇടയ്ക്കുള്ള രണ്ടാം ലോകമഹായുദ്ധകാല സർവ്വീസിൽ പരമാവധി അഞ്ചു കൊല്ലംവരെ സിവിൽ സർവ്വീസായി പരിഗണിച്ചുവരുന്നുണ്ടു്.

5. റബ്ബർ പ്ലാൻറേഷൻ സ്കീം അനുസരിച്ചു് ഭൂമി നൽകുന്നതിൽ വിമുക്തഭടന്മാർക്കു് അഞ്ചു ശതമാനത്തിൽ കവിയാതുള്ള പ്രാതിനിധ്യം അനുവദിച്ചുവരുന്നുണ്ടു്.

6. കോളണൈസേഷൻ സ്കീം അനുസരിച്ചു് റാന്നി, വെറ്റിലപ്പാറ വയനാടു് എന്നിവിടങ്ങളിൽ കോളണികൾ രൂപീകരിച്ചിട്ടുണ്ടു്. റാന്നിയിൽ 300—ം, വെറ്റിലപ്പാറയിൽ 185—ം, വയനാട്ടിൽ 1917—ം വിമുക്തഭടന്മാർ അധിവസിക്കുന്നുണ്ടു്. കോളണൈസേഷൻ പദ്ധതിയനുസരിച്ചുള്ള ആനുകൂല്യങ്ങളെല്ലാം ഇവർക്കു നൽകിവരുന്നുണ്ടു്.

7. വിമുക്തഭടന്മാരുടെ സഹകരണസംഘങ്ങൾക്കു് കടംവാങ്ങുകൾ അനുവദിക്കുന്നുണ്ടു്.

8. രോഗികളായിത്തീർന്നിട്ടുള്ള വിമുക്തഭടന്മാർക്കു് ചികിത്സ, ശുശ്രൂഷ എന്നിവയ്ക്കായി ധനസഹായം ചെയ്തുവരുന്നു.

9. നാഗർകോവിൽ, മുളംകുന്നത്തുകാവു്, എന്നിവിടങ്ങളിലെ ക്ഷയരോഗാശുപത്രികളിലും, കൊരട്ടി, നൂറനാട്ടു, ഈ സ്ഥലങ്ങളിലെ കുഷ്ഠരോഗാശുപത്രികളിലും, ചേർത്തല ഗവണ്മെൻറു ആശുപത്രിയിലും, വിമുക്തഭടന്മാർക്കു വേണ്ടി പ്രത്യേക വാർഡുകൾ പണിയിച്ചിട്ടുണ്ടു്.

10. തയ്യൽമെഷീൻ മുതലായ തൊഴിൽ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു.

11. ചില അംഗീകൃതസ്ഥാപനങ്ങളിൽ പരിശീലനം ലഭിച്ചു വരുന്നവരും, താമസക്കാരുമായ ഏതാനും വിമുക്തഭടന്മാർക്കു് മെയിൻറനൻസ് അലവൻസ് നൽകിവരികയും ചെയ്യുന്നു.

(ബി) 1963—64 സാമ്പത്തികവർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർവരെ വിമുക്തഭടന്മാരുടെ ക്ഷേമോന്നമനത്തിനായി ചെലവാക്കിയിട്ടുള്ള തുക ഇനംതിരിച്ചു താഴെ പറയുന്നവയാകുന്നു.

		രൂ.	ന. പ.
1.	വിമുക്തഭടന്മാരുടെ സഹകരണസംഘങ്ങൾക്കു കടംവാങ്ങു	112600	00
2.	വിദ്യാഭ്യാസസൗജന്യം	21573	50
3.	സാങ്കേതികപരിശീലനത്തിനും മറ്റുമായി വിമുക്തഭടന്മാർക്കു മെയിൻറനൻസ് അലവൻസ്	3386	83

LIBRARY ARCHIVES Kerala Legislative Assembly

		രൂ.	ന.പ.
4.	വിമുക്തഭടന്മാർക്കും, അവരുടെ ആശ്രിതർക്കും, ദരിദ്രനിവാരണത്തിനായി സ്റ്റേറ്റ് മിലിറ്ററി ബനിവോളൻറ് ഫണ്ടിൽനിന്നും ചിലവാക്കിയ തുക	25969	00
5.	ഇൻഡ്യൻ റെഡ്ക്രാസ് സൊസൈറ്റിയുടെ മെഡിക്കൽ ആഫ്റർകെയർ ഫണ്ടിൽനിന്നും എസ്. പി. ഡബ്ലിയു. ആർ. ഫണ്ടിൽനിന്നും മെഡിക്കൽ ഗ്രാൻറായി അനുവദിച്ചതുക.	9445	00
	ആകെ	1,72,974	33

ശ്രീ. എം. നാരായണക്കുറുപ്പ് : വിമുക്തഭടന്മാരുടെ സൈനികസേവനം അനുഷ്ഠിച്ചിരുന്ന കാലംകൂടി കേന്ദ്രഗവണ്മെൻറ് ഡിപ്പാർട്ടുമെൻറുകളിൽ പ്രമോഷൻകാര്യത്തിൽ സർവ്വീസ് ടൈർഘ്യം കണക്കാക്കുന്നതിൽ പരിഗണിക്കുന്നുണ്ട്. അതു് ഇവിടെയും പരിഗണിക്കണമെന്നു നിവേദനം സമർപ്പിക്കുകയും പലപ്രാവശ്യം പരിഗണിക്കാമെന്നു് ഈ സഭയിൽ പറയുകയും ചെയ്തിട്ടുള്ളതാണു്. അക്കാര്യം ഗവണ്മെൻറ് പരിഗണിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടൻ പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : പരിഗണിച്ചിട്ടുണ്ടു്. എന്നു് അവസാന തീരുമാനമെടുത്തുവെന്നു് ഓർമ്മയിൽനിന്നും പറയുവാനൊക്കുകയില്ല. പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വിമുക്തഭടന്മാർ എത്ര സഹകരണസംഘങ്ങൾ രൂപീകരിച്ചു എന്നും, അതിൽ എത്ര പ്രവർത്തനത്തിലുണ്ടെന്നും പറയാമോ?

ശ്രീ. ആർ. ശങ്കർ : അതിൻെറ വിവരങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : വിമുക്തഭടന്മാരും അവരുടെ ആശ്രിതന്മാരുമായ ക്ഷയരോഗികളെ ആശുപത്രിയിൽ അഡ്മിറ്റുചെയ്യുമ്പോൾ പാക്കറ്റുമണിയായി 5 രൂപാ കൊടുക്കുന്നുണ്ടു്. എന്നാൽ, ഈ ക്ഷയരോഗികൾക്കു കൊടുക്കുന്നില്ല അവർക്കുകൂടി ഇതുകൊടുക്കുവാൻ പരിശ്രമിക്കുമോ?

ശ്രീ. ആർ. ശങ്കർ : അവർക്കു വേറെ എന്തെങ്കിലും പ്രത്യേക സൗകര്യം കൊടുക്കുന്നുണ്ടോ ഇല്ലയോ എന്നു നിശ്ചയമില്ല. അതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഓ. കോരൻ : വിമുക്തഭടന്മാരുടെ കാളനിക്കു് അമ്പലവയലിൽ കൊടുത്തിട്ടുള്ള ഭൂമി അവർക്കു് സ്വന്തപേരിൽ പതിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ടു് അവർക്കു വായ്പാസൗകര്യം ലഭിക്കുന്നില്ല. അവരുടെ പേരിൽ ഭൂമി പതിച്ചുകൊടുക്കണമെന്നു നിവേദനം തന്നിട്ടുള്ളതു പരിഗണിക്കുമോ?

ശ്രീ. ആർ. ശങ്കർ : പരിഗണിക്കുന്നതാണു്.

മോട്ടോർ അപകടങ്ങൾ.

* 929. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ (1963 ഡിസംബർ അവസാനം വരെ) സ്റ്റേറ്റിൽ എത്ര മോട്ടോർ അപകടങ്ങൾ ഉണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly